"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പത്തനംതിട്ട ജില്ലയിലെ, അടൂർ, വയല എൻ.ഡി.എം യു.പി.എസ് ലെ എൽ.ജി (സംസ്കൃതം) അദ്ധ്യാപിക (റിട്ടയേർഡ്) ശ്രീമതി. ശശിപ്രഭ. എസ് സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4584/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം :-

1. ശ്രീമതി. ശശിപ്രഭ.എസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.22903/2022 മേലുള്ള 27.07.2022-ലെ വിധിന്യായം.
2. 07.12.2022 ലെ സ.ഉ.(സാധാ) നം. 7780/2022/പൊ.വി.വ
3. ശ്രീമതി.ശശിപ്രഭ.എസ്. സമർപ്പിച്ച 16.01.2023-ലെ റിവിഷൻ ഹർജി.
4. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08.10.2024-ലെ സി/1695/2022 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.10.2024, 08.12.2025 തീയതികളിലെ RA-4/5947/2023/DGE നമ്പർ കത്ത്.
6. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07.11.2024-ലെ DDEPTA/1275/2024-B2 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ, അടൂർ, വയല നരേന്ദ്രദേവ് മെമ്മോറിയൽ യു.പി. സ്കൂളിലെ റിട്ടയേർഡ് ജൂനിയർ സംസ്കൃതം അധ്യാപികയായിരുന്ന ശ്രീമതി. ശശിപ്രഭ.എസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 22903/2022 മേലുള്ള പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിനെതിരെ സമർപ്പിച്ച പരാമർശം (3) റിവ്യൂ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെയും മാനേജരുടെയും പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 07.11.2024 ന് ഗൂഗിൾ മുഖേന കേൾക്കുകയുണ്ടായി.

2) **നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.**

വയല എൻ.ഡി.എം. യു.പി. സ്കൂളിൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം എൽ.ജി. സംസ്കൃതം തസ്തിക 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിലൂടെ നിർത്തലാക്കിയ അടൂർ ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസറുടെ നടപടി ചട്ടവിരുദ്ധമാണെന്ന് ബോധ്യപ്പെട്ട് തസ്തിക പുനഃസ്ഥാപിക്കുകയും പ്രസ്തുത തസ്തികയിൽ ഫുൾടൈം ആനുകൂല്യത്തോടെ ജോലി ചെയ്യുന്ന എന്നെ തുടരാൻ അനുവദിക്കുകയും ചെയ്യണം എന്നതാണ് റിവിഷൻ ഹർജിയിലെ പ്രധാന ആവശ്യം.

ii) ഞാൻ 27.09.1993-ൽ പാർട്ട് ടൈം എൽ.ജി. (സംസ്കൃതം) അദ്ധ്യാപികയായി സർവ്വീസിൽ പ്രവേശിച്ചു. അഞ്ച് വർഷം പൂർത്തിയായ മുറയ്ക്ക് 02.05.1973-ലെ ജി.ഒ. (എംഎസ്) 62/73/എസ്.എഡ്യൂക്കേഷൻ പ്രകാരം ഫുൾടൈം ആനുകൂല്യം ലഭിച്ച് തുടരുകയായിരുന്നു. 2018-19 വർഷം വരെ ഈ നിലതുടർന്നു. 2019-20 വർഷം വയല എൻ.ഡി.എം. യു.പി. സ്കൂളിൽ സംസ്കൃത പഠനത്തിന് 5, 6, 7 ക്ലാസ്സുകളിലായി ആകെ 30 കുട്ടികളോ, 12, 6, 3 എന്ന ക്രമത്തിൽ ആകെ 21 കുട്ടികളോ ഇല്ലെന്ന കാരണത്താൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം തസ്തിക അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയ ഉത്തരവിലൂടെ നിർത്തലാക്കി. 16.072019-ലെ സി/42767/2019 നമ്പറിലുള്ള തസ്തിക നിർണ്ണയ ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ ഉദ്ധരിക്കുന്നു. ഈ സ്കൂളിലെ സംസ്കൃതം അദ്ധ്യാപികയുടെ തസ്തിക നഷ്ടപ്പെട്ടതിനാൽ 26.12.2016-ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ.(എം.എസ്.)നമ്പർ 209/2016/പൊ.വി.വ. ഉത്തരവ് പ്രകാരം 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 30 കുട്ടികളിൽ കുറവായതിനാൽ പ്രസ്തുത ഭാഷ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിക്കേണ്ടതും ബാക്കി ദിവസങ്ങളിൽ മാനേജർ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് വിദ്യാലയങ്ങളിൽ പുനർവിന്യസിക്കേണ്ടതുമാണ്. മേൽ ഉദ്ധരിച്ചതിൽ നിന്നും ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ ജോയിന്റ് ചെയ്യാൻ എന്നെ അനുവദിച്ചിട്ടുണ്ട്. ശേഷിച്ച രണ്ട് ദിവസങ്ങളിൽ എങ്ങനെ വിനിയോഗിക്കണം എന്നതാണ് തർക്കവിഷയം.

iii) നേരത്തെ സൂചിപ്പിച്ചതു പോലെ ഞാൻ 02.06.1973-ലെ 62/73 നമ്പർ സർക്കാർ ഉത്തരവിന്റെ സംരക്ഷണത്തിൽ ഫുൾടൈം ആനുകൂല്യം വാങ്ങുന്ന പാർട്ട്ടൈം അദ്ധ്യാപികയാണ്. ഫുൾടൈം ആനുകൂല്യം ലഭിക്കുമ്പോൾ ആവശ്യമായ ജോലിഭാരം ഉറപ്പാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശമുണ്ടായിരുന്നു. പിന്നീട് ഭാഷാ അദ്ധ്യാപകർക്ക് Same school protection അനുവദിക്കാനായി മിനിമം കുട്ടികളുടെ എണ്ണം കുറച്ചു കൊണ്ടുള്ള ഉത്തരവുകളിലും ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ നിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശേഷിച്ച രണ്ട് ദിവസങ്ങൾ സമീപസ്ഥങ്ങളായ സ്കൂളുകളിൽ (സർക്കാർ/എയ്ഡഡ് വ്യത്യാസമില്ലാതെ) നിയോഗിക്കുകയാണ് ഒട്ടുമിക്ക വിദ്യാഭ്യാസ ഓഫീസർമാരും ചെയ്തുവരുന്നത്. ഇത്തരത്തിൽ അദ്ധ്യാപകരെ ക്ലബ്ബ് ചെയ്തു കൊണ്ടുള്ള ഉത്തരവ് തസ്തികനിർണ്ണയ ഉത്തരവിന്റെ ഭാഗമായാണ് പുറപ്പെടുവിക്കുന്നത്. അക്കാരണത്താൽ തന്നെ അതെ തസ്തിക നിർണ്ണയ അധികാരിയായ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിലുള്ള കാര്യമാണ്. Same school protection അനുവദിച്ചിട്ടുള്ള ഭാഷാദ്ധ്യാപകരെ ക്ലബ്ബ് ചെയ്യുന്നതിന് മാനേജരുടെ അനുമതി ആവശ്യമില്ലെന്നതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്. എന്നാൽ ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ നിയോഗിച്ച ശേഷം ശേഷിച്ച രണ്ട് ദിവസങ്ങളിൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് വിദ്യാലയങ്ങളിൽ തന്നെ പുനർവിന്യസിക്കണമെന്ന് ശഠിക്കുകയാണ് വിദ്യാഭ്യാസ ഓഫീസർ ചെയ്തത്. ആ വ്യവസ്ഥയെപ്പറ്റി ചിന്തിക്കുവാൻപോലും ഞാൻ അശക്തയാണ്. 56 വയസ്സ് കഴിഞ്ഞ എന്നെ തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ഏതു ജില്ലയിലും പുനർവിന്യസിക്കാം എന്നതാണ് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിന്റെ സാരം. അതിനെതിരെ സമർപ്പിച്ച അപ്പീൽ/റിവിഷൻ/റിവ്യൂഹർജികളും അർഹിക്കുന്ന ഗൌരവത്തോടെ

പരിഗണിക്കപ്പെട്ടില്ല. ഇത് വളരെ നിരാശാജനകമായ അനുഭവമാണ്.

iv) എന്റെ ജനനത്തീയതി 20.07.1963-ആണ്. സൂപ്പർ ആന്വേഷൻ തീയതി 31.07.2019. അദ്ധ്യാപികയായതിനാൽ അക്കാദമിക വർഷത്തിന്റെ അവസാനദിവസം (31.03.2020) വരെ സർവ്വീസിൽ തുടരാം. അപ്രകാരം നീട്ടിക്കൊടുക്കുന്ന സർവ്വീസ് ശമ്പളത്തിനല്ലാതെ മറ്റൊരു ആനുകൂല്യത്തിനും പരിഗണിക്കപ്പെടില്ല. കാരണം, അത് കുട്ടികളുടെ പഠനസൗകര്യം മാത്രം പരിഗണിച്ച് അനുവദിക്കുന്നതാണ്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് കോർപ്പറേറ്റ് മാനേജ്മെന്റിൽ അഡ്ജസ്റ്റ്മെന്റ് സ്ഥലംമാറ്റം നടക്കുന്നത്. സൂപ്പർ ആന്വേഷൻ കഴിഞ്ഞ് തുടരുന്ന അദ്ധ്യാപികയെ സ്ഥലംമാറ്റാൻ വകുപ്പില്ലെന്നാണ് അറിയുന്നത്.

v) വയല എൻ.ഡി.എം. യു.പി.സ്കൂളിൽ 2019-20 വർഷം സംസ്കൃതപഠനത്തിനുള്ള കുട്ടികൾ താഴെപ്പറയും പ്രകാരമാണ്.

V-12, VI-5, VII-12, ആകെ - 29

അതായത് നിശ്ചിത മിനിമം ആയ 30-നേക്കാൾ 1 കുറവ്. അക്കാരണത്താൽ തസ്തിക നിർത്തലാക്കിയതിലൂടെ അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.ഇ.ആർ. ചട്ടലംഘനമാണ് നടത്തിയിരിക്കുന്നത്. കെ.ഇ.ആർ. അദ്ധ്യായം XXIII ലെ ചട്ടം 6 സി. യിലാണ് യു.പി. സ്കൂളിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട മിനിമം കുട്ടികളുടെ വ്യവസ്ഥകൾ പ്രതിപാദിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ അവസാനവാചകം താഴെക്കൊടുത്തിരിക്കും വിധമാണ്.

But nothing in these rules will apply to posts already sanctioned against which qualified teachers are working.

ഇവിടെ വയല എൻ.ഡി.എം. യു.പി. സ്കൂളിലെ പാർട്ട് ടൈം എൽ.ജി.(സംസ്കൃതം) തസ്തിക 2018-19 വരെ അനേക വർഷങ്ങളായി നിലവിലുണ്ടായിരുന്നതാണ്. പ്രസ്തുത തസ്തികയിൽ പൂർണ്ണയോഗ്യതയോടുകൂടി ഞാൻ ജോലി ചെയ്തു വരികയുമായിരുന്നു എന്നിരിക്കെ 2019-20 വർഷം നിശ്ചിത മിനിമത്തിൽ നിന്ന് ഒരു കുട്ടിയുടെ കുറവുണ്ടെന്ന കാരണം ചൂണ്ടിക്കാട്ടി തസ്തിക നിർത്തലാക്കിയത് ചട്ടലംഘനമാണ്.

vi) 26.12.2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 209/2016/പൊ.വി.വ. പ്രകാരം മാതൃ സ്കൂളിൽ ആഴ്ചയിൽ മൂന്ന് ദിവസം നിയോഗിക്കപ്പെടുന്നതിന് ആകെ 24 കുട്ടികളോ, 19, 5, 3 ക്രമത്തിൽ 18 കുട്ടികളോ ഉണ്ടായിരുന്നാൽ മതി. വയല എൻ.ഡി.എം. യുപി. സ്കൂളിൽ പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ട്. എന്നെ ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ നിയോഗിക്കണമെന്ന് നിർദ്ദേശിച്ച തസ്തികനിർണ്ണയ അധികാരി ഒരു പാർട്ട് ടൈം തസ്തികപോലും അനുവദിച്ചതുമില്ല. പാർട്ട് ടൈം തസ്തികപോലും അനുവദിക്കാതിരുന്നതിലൂടെ 29 കുട്ടികൾക്ക് സംസ്കൃതം പഠിക്കാനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടത്. ഇത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനമാണ്. ഒരു അക്കാദമിക് ഓഫീസറിൽ നിന്ന് ഇത്തരം നടപടികൾ ഉണ്ടാകുന്നത് ഗൗരവമേറിയ വിഷയമാണ്. ഞാൻ എന്റെ മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് കൃത്യനിർവ്വഹണം നിർവ്വഹിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ.

31.03.2020-ൽ വിരമിക്കുന്നതുവരെയും സംസ്കൃതം അദ്ധ്യാപിക എന്ന നിലയിലുള്ള ഡ്യൂട്ടി കൃത്യമായി ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ ഞാനല്ലാതെ മറ്റൊരാളെയും സംസ്കൃതം പഠിപ്പിക്കാൻ സ്കൂളിൽ നിയോഗിച്ചിട്ടുമില്ല. അതായത് എന്റെ സേവനം 31.03.2020 വരെ കുട്ടികൾക്കും തദ്വാര സമൂഹത്തിനും പ്രയോജനപ്പെട്ടിട്ടുണ്ട്. ചെയ്ത ജോലിക്ക് വേതനംകിട്ടണമെന്ന സാമാന്യനീതി അനുസരിച്ച് എനിക്ക് 31.03.2020 വരെ ശമ്പളത്തിന് അർഹതയുണ്ട്. ഞാൻ ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ ജോലി ചെയ്യണമെന്ന കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണ്. ശേഷിക്കുന്ന രണ്ട് ദിവസത്തെ സംബന്ധിച്ചാണെങ്കിൽ സമീപസ്ഥങ്ങളായ ഏതെങ്കിലും സ്കൂളിൽ (സർക്കാർ/എയ്ഡഡ് വ്യത്യാസമില്ലാതെ) ക്ലബ്ബ് ചെയ്യുകയാണ് വേണ്ടത്. അതാകട്ടെ തസ്തിക നിർണ്ണയാധികാരിയുടെ ചുമതലയിൽപ്പെട്ട കാര്യവുമാണ്. മറിച്ചെന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് ഞാൻ ഒരു തരത്തിലും ഉത്തരവാദിയല്ല.

vii) സംക്ഷിപ്തമായി പറഞ്ഞാൽ കെ.ഇ.ആർ. അദ്ധ്യായം XXIII-ലെ ചട്ടം 6 സി. യിലെ വ്യവസ്ഥകൾ പ്രകാരം എനിക്ക് 2019-20 വർഷം മാതൃസ്കൂളിൽ തുടരാൻ അർഹതയുണ്ട്, 26.12.2016-ലെ ജി.ഒ.(എം.എസ്) നമ്പർ 209/2016/പൊ.വി.വ. പ്രകാരം ആഴ്ചയിൽ മൂന്ന് ദിവസം മാതൃസ്കൂളിൽ നിയോഗിക്കപ്പെടാനും അർഹതയുണ്ട്. ഞാൻ 02.05.1973 ലെ ജി.ഒ.(എം.എസ്.)62/73/എസ്.എഡ്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണം ലഭിച്ച് ഫുൾ ടൈം ആനുകൂല്യം അനുഭവിച്ചിരുന്ന പാർട്ട് ടൈം അദ്ധ്യാപികയാണ്. 01.08.2019 മുതൽ 31.03.2020 വരെയുള്ള കാലയളവിൽ എന്റെ സേവനം ഡിപ്പാർട്ട്മെന്റ് വിനിയോഗിച്ചിട്ടുണ്ട്. 29 കുട്ടികൾക്ക് സംസ്കൃതപഠനത്തിനുള്ള അവസരം നിഷേധിച്ച വിദ്യാഭ്യാസ ഓഫീസറുടെ നടപടി വിദ്യാഭ്യാസ അവകാശ നിയമങ്ങളുടെ ലംഘനമാണ്. ഭാഷാ പഠനത്തിന് നിർദ്ദിഷ്ട എണ്ണം കുട്ടികളില്ലെങ്കിലും പാർട്ട് ടൈം തസ്തികയ്ക്ക് അർഹതയുണ്ടെന്ന് സ.ഉ.(സാധാ)നം.4104/2019/പൊ.വി.വ. തീയതി 11.10.2019 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം കണ്ണൂർ പാപ്പിനിശ്ശേരി സബ്ജില്ലയിലെ കണ്ണാടിപ്പറമ്പ് എ.എൽ.പി. സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 3+7+4+5 എന്ന ക്രമത്തിൽ ആകെ 19 കുട്ടികൾ ഉണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം എൽ.ജി. (അറബിക്) തസ്തിക അനുവദിച്ചിട്ടുണ്ട്.

viii) മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേക്ക് ഒരു പാർട്ട് ടൈം എൽ.ജി. (സംസ്കൃതം) തസ്തിക മുൻവർഷങ്ങളിലെപ്പോലെ അനുവദിക്കുകയും 02.05.1973 ലെ ജി.ഒ.(എം.എസ്.) നമ്പർ 62/73 പ്രകാരം ഫുൾടൈം ആനുകൂല്യത്തോടെ തുടരാൻ എന്നെ അനുവദിക്കുകയും അതനുസരിച്ച് 31.03.2020 വരെ ശമ്പളം അനുവദിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

3) **<u>നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>**

ശ്രീമതി.എസ്.ശശിപ്രഭ 16.01.2023 ലെ ഹർജിയിലൂടെ ഉന്നയിച്ചിട്ടുള്ളത് താഴെപ്പറയുന്ന ആവശ്യങ്ങളാണ്

- അടൂർ വിദ്യാഭ്യാസ ഉപജില്ലയിലെ വയല എൻ ഡി എം യു.പി സ്കൂളിൽ നിലവിലുണ്ടായിരുന്ന പാർട്ട് ടൈം എൽ ജി സംസകൃതം തസ്ഥിക 2019-2020 ലെ തസ്ഥിക നിർണ്ണയ ഉത്തരവ് വഴി

നിർത്തലാക്കി, പ്രസ്തുത തസ്ഥിക പുനഃസ്ഥാപിച്ച് ഉത്തരവാക്കുക.

- പുനസ്ഥാപിക്കപ്പെടുന്ന തസ്ഥികയിൽ ഫുൾടൈം ആനുകൂല്യത്തോടെ റിട്ടയർമന്റ് തീയതി (31-03-2020) വരെ തുടരാൻ അനുവദിക്കുക.
- 15/07/2019 മുതൽ 31/03/2020 വരെയുള്ള കാലയളവിൽ പൂർണ്ണമായ നിരക്കിൽ ശമ്പളത്തിന് അർഹതയുണ്ടെന്ന് ഉത്തരവാക്കുക

ii) വയല എൻ.ഡി എം യു പി സ്കൂളിൽ 2019-2020 വർഷം സംസകൃതം പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ കൊടുത്തിരിക്കും വിധമാണ്

| ക്ലാസ് | 5 | 6 | 8 |
|---|---|---|---|
| കുട്ടികൾ | 12 | 5 | 12 |

ആകെ 29

ആകെ 30 കുട്ടികളോ, 12+6+3 = 21 എന്ന ക്രമത്തിലോ കുട്ടികളില്ലാത്ത കാരണത്താൽ അട്ടൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എൽ.ജി സംസകൃതം തസ്തിക നിർത്തലാക്കി ഉത്തരവായി. ഉത്തരവ് നമ്പർ ദീ.തീ. സി/42767/2019 തീയതി 16/07/2019 പ്രസ്തുത ഉത്തരവിന്റെ അനുബന്ധം താഴെ കൊടുത്തരിക്കും വിധമാണ്

"ഈ സ്കൂളിലെ സംസ്കൃതം അദ്ധ്യാപികയുടെ തസ്തിക നഷ്ടപ്പെട്ടതിനാൽ 26/12/2016 ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ (എം.എസ്) നം 209/2016 പൊ.വി.വ ഉത്തരവ് പ്രകാരം 5 മുതൽ 7 വരെ ക്ലാസുകളിൽ 30 കുട്ടികളിൽ കുറവായതിനാൽ പ്രസ്തുത ഭാഷ പഠിപ്പിക്കുന്നതിനായി മാതൃ വിദ്യാലയത്തിൽ നിയോഗിക്കേണ്ടതും ബാക്കി ദിവസങ്ങളിൽ മാനേജർ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് വിദ്യാലയങ്ങളിൽ പുനർ വിന്യസിക്കേണ്ടതുമാണ്" തികച്ചും അപ്രായോഗികവും ക്രമരഹിതവുമായ ഒരു നിർദ്ദേശമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ആഴ്ച്ചയിൽ 3 ദിവസം മാതൃ സ്കൂളിൽ നിയോഗിക്കാമെന്ന് ഉപജില്ലാ വിദ്യാഭ്യാസ ആഫിസർ ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ദിവസങ്ങളാണ് തീരുമാനിക്കേണ്ടത്. അത് മാനേജ്മെന്റിന് കീഴിലുള്ള മറ്റ് വിദ്യാലയങ്ങളിൽ തന്നെ വേണമെന്നാണ് വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശം. ഇവിടെ ശ്രീമതി. ശശിപ്രഭ സേവനം ആരംഭിച്ചതു മുതൽ അവസാനിച്ചതുവരെ അദ്ധ്യാപികയുടെ തസ്തിക പാർട്ട് ടൈം ആയിരുന്നു. അഞ്ചു വർഷം പൂർത്തിയായപ്പോൾ മുതൽ ഫുൾ ടൈം ആനുകൂല്യം അനുവദിച്ച് തുടരുകയായിരുന്നു. ആഴ്ച്ചയിൽ മൂന്നു ദിവസം മാതൃ സ്കൂളിൽ തുടരാം എന്ന കാര്യത്തിൽ തർക്കമില്ല. വിദ്യാഭ്യാസ ഉപ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരെല്ലാം ഇക്കാര്യം അംഗീകരിക്കുന്നുണ്ട് 26/10/2021 ലെ ജി.ഒ(ആർ.ടി) നം 4794/2021 GEDN എന്ന ഉത്തരവിലൂടെ സർക്കാരും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ബാക്കി രണ്ട് ദിവസം ഏങ്ങനെ വിനിയോഗിക്കണമെന്നതാണ് ഇനിയുള്ള വിഷയം അത് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ തന്നെ മറ്റേതെങ്കിലും സ്കൂളിലായിരിക്കണമെന്നാണ് വിദ്യാദ്യാസ ഓഫീസറുടെ നിർദ്ദേശം എന്നാൽ അപ്രകാരമൊരു വ്യവസ്ഥ തസ്തിക നഷ്ടപ്പെട്ട അദ്ധ്യപകരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് നിലവിലില്ല. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ തസ്തിക ലഭ്യമായ സ്കൂളുകൾ കാസർഗോഡ് ജില്ലയില്ലാണെങ്കിൽ ആഴ്ച്ചയിൽ മൂന്നു ദിവസം അട്ടൂർ സബ് ജില്ലയിലെ മാതൃ സ്കൂളിൽ ജോലി ചെയ്യുന്ന അദ്ധ്യാപിക (56 വയസ് കഴിഞ്ഞ അവസ്ഥയിൽ) ബാക്കി രണ്ട് ദിവസങ്ങൾ കാസർഗോഡ് പോയി ജോലി ചെയ്യണം എന്ന് ശഠിക്കുന്നതിലെ അപ്രായോഗികത സാമാന്യ ബുദ്ധിക്ക്

മനസിലാക്കാവുന്നതാണ്. എന്നാൽ കഷ്ടമെന്ന് പറയട്ടെ അപ്പീൽ റിവിഷണൽ റിവ്യൂ അധികാരികളെല്ലാം ഒരേ പോലെ നിഷേധാത്മക നിലപാട് സ്വീകരിക്കയാണ് ചെയ്തത്.

iii) 26/12/2016 ലെ സ.ഉ(എം.എസ്) നം.209/2016 പൊ.വി.വ പ്രകാരം അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ ആകെ 24 കുട്ടികളോ 10,05,03 ക്രമത്തിൽ 18 കുട്ടികളോ ഉണ്ടെങ്കിൽ യു.പി സ്കൂളിൽ നിലവിലുള്ള ഭാഷാ അദ്ധ്യാപകർക്ക് തുടരാം അപ്രകാരം ആഴ്ചയിൽ മൂന്ന് ദിവസം മാത്രം സ്കൂളിൽ ജോലി ചെയ്യുന്ന അദ്ധ്യാപികയെ ആവശ്യമെങ്കിൽ അതേ വിദ്യാഭ്യാസ ഉപ ജില്ലയിലെ എന്തെങ്കിലും സ്കൂളിൽ (സർക്കാർ/എയഡഡ്) വ്യത്യാസമില്ലാതെ പുനർ വിന്യാസിക്കാം. അതിനുള്ള ഒരേയൊരു വ്യവസ്ഥ അദ്ധ്യാപികയ്ക്ക് സംരക്ഷണത്തിനുള്ള അർഹതയുണ്ടായിരിക്കണമെന്നാതാണ്. 1994 മുതൽ സർവ്വീസിലുള്ള ശ്രീമതി.ശശിപ്രഭ ഏതു നിലയ്ക്കും സംരക്ഷണാനുകൂല്യത്തിന് അർഹയാണ് ആഴ്ചയിൽ മൂന്ന് ദിവസം മാത്രം സ്കൂളിൽ ജോലിചെയ്യുന്ന അദ്ധ്യാപികയെ ബാക്കി രണ്ട് ദിവസം മറ്റേതെങ്കിലും സ്കൂളിൽ പുനർ വിന്യാസിച്ചുകൊണ്ടുള്ള ഉത്തരവ് തസ്തിക നിർണ്ണയ ഉത്തരവിന് അനുബന്ധമായി വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിക്കേണ്ടതാണ് അത് സ്വാഭാവികമായും ആ വിദ്യാഭ്യാസ ആഫീസറുടെ അധികാരപരിധിയിലുള്ള സ്കൂളുകൾ ആയിരിക്കും. ഇക്കാര്യത്തിൽ മാനേജർക്ക് പ്രത്യോകമായി ഒന്നും ചെയ്യാനില്ല. ഞങ്ങളുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ കൊല്ലം പത്തനംതിട്ട ആലപ്പുഴ ജില്ലകളിലായി പതിനഞ്ചോളം സ്കൂളുകളുണ്ട്. എല്ലാ സ്കൂളുകളുടേയും തസ്തിക നിർണ്ണയ ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നു ലഭിക്കുന്ന മുറയ്ക്ക് മാത്രമെ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ നടത്താൻ കഴിയുള്ള വിദ്യാഭ്യാസ ആഫീസറുടെ നിർദ്ദേശം അനുസരിച്ച് ശ്രീമതി. എസ് ശശിപ്രഭയെ മറ്റെവിടെയെങ്കിലും മാറ്റിനിയമിക്കാമെന്നുവച്ചാലും അതിനു കഴിയില്ല കാരണം ടിയാൾക്ക് 31/07/2019ൽ സൂപ്പർ ആനുവേഷനാണ്, മേൽ സൂചിപ്പിച്ചപോലെ കോർപ്പറേറ്റ് മാനേജ്മെന്റിലെ എല്ലാ സ്ക്കൂളുകളുടേയും തസ്തിക നിർണ്ണയ ഉത്തരവ് ലഭ്യമായത് 31/07/2019 ന് ശേഷമാണ്. കെ.എസ്.ആർ ഭാഗം 1 ചട്ടം 60 (സി) പ്രകാരം ജൂലൈ 2 ന് ശേഷം വിരമിക്കേണ്ട അദ്ധ്യാപകരെ അക്കാദമിക വർഷത്തിന്റെ അവസാന ദിവസം വരെ തുടരാൻ അനുവദിക്കുന്നത് വിദ്യാർത്ഥികളുടെ പഠന സൗകര്യം മാത്രം പരിഗണിച്ചാണെന്നും അപ്രകാരം നീട്ടി ലഭിക്കുന്ന കാലയളവ് ശമ്പളമൊഴികെ മറ്റെല്ലാ ആനുകൂല്യങ്ങൾക്കും അയോഗ്യമായ കാലയളവാണെന്നും ബന്ധപ്പെട്ടവർക്കെല്ലാം അിറയാം. അങ്ങനെ സൂപ്പർ ആനുവേഷൻ തീയതി കഴിഞ്ഞു സർവ്വീസിൽ തുടരുന്ന അദ്ധ്യാപികയെ സ്ഥലം മാറ്റി നിയമിക്കാൻ അനുവദിക്കുന്ന ചട്ടങ്ങളൊന്നും ഉള്ളതായി കാണുന്നില്ല. എന്നാൽ ഏറേ ഗൗരവമേറിയ ഒരു കാര്യം. ഒരു കുട്ടിയുടെ കുറവിൽ എൽജി പാർട്ട് ടൈം സംസകൃതം തസ്തിക നിർത്തലാക്കിയ അടൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നടപടി കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ ലംഘനമാണ് എങ്ങനെയെന്നാൽ കെ.ഇ.ആർ അദ്ധ്യായം XXIII ലെ ചട്ടം 6(സി) യിൽ യൂപി സ്കൂളുകളിലെ ഭാഷാ പഠനത്തിന് ആവശ്യമായ മിനിമം കുട്ടികളുടെ എണ്ണം നിഷ്ക്കർഷിക്കുന്നതോടൊപ്പം നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ യോഗ്യമായ അദ്ധ്യാപകർ ജോലിചെയ്യുന്നിടങ്ങളിൽ മിനിമം എണ്ണം സംബന്ധിച്ച നിബന്ധന ബാധകാല്ലെന്നും വ്യക്തമാക്കുന്നു. But nothing in these rules will apply to posts already sanctioned against which qualified teachers are working എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ വയല എൻ.ഡി എം യു പി സ്കൂളിലെ പാർട്ട് ടൈം എൽ.ജി സംസകൃതം തസിക വർഷങ്ങൾക്ക് മുമ്പേ അനുവദിച്ച് 2018-19 വരെ നിലനിന്നതും പ്രസ്തുത തസ്തികയിൽ യോഗ്യതയുള്ള അദ്ധ്യപിക ശ്രീമതി.എസ്.ശശിപ്രഭ ജോലി ചെയ്തിരുന്നതുമാണ് എന്നിരിക്കെ തസ്തിക നിർത്തലാക്കിയ നടപടി വിദ്യാഭ്യാസ ചട്ടങ്ങളുടെ ലംഘനമാണ് ഈ വസ്തുത അംഗീകരിച്ചു കൊണ്ട് മിനിമം കുട്ടികളില്ലാത്ത ചില സ്കൂളുകളിൽ സർക്കാർ ഉത്തരവിലൂടെ പാർട്ട് ടൈം

തസ്ഥിക അനുവദിച്ച ഉദാഹരണങ്ങളുണ്ട്.

iv) ശ്രീമതി എസ്.ശശിപ്രഭ സംരക്ഷണാനുകൂല്യത്തിന് അർഹതയുള്ള അദ്ധ്യാപികയാണ്. ആനിലയ്ക്ക് 2019-20 വർഷത്തിലും മുൻവർഷങ്ങളിലെപോലെ ഒരു പാർട്ട് ടൈം എൽ.ജി സംസ്കൃതം തസ്തിക അനുവദിച്ച് ശ്രീമതി ശശിപ്രഭയെ ഫുൾ ടൈം ആനുകൂല്യത്തോടെ മാതൃ സ്കൂളിൽ നിലനിർത്താവുന്നതാണ്. വയല എൻ.ഡി.എം. യുപി സ്കൂളിൽ 15/07/2019 മുതൽ 31/03/2020 വരെയുള്ള കാലയളവിൽ സംസകൃതം പഠിപ്പിക്കാൻ ശ്രീമതി ശശിപ്രഭ മാത്രമേ ഉണ്ടായിരുന്നുള്ളു. അതായത് സൂപ്പർ ആന്വേഷൻ തീയതിക്കുശേഷം സർവ്വീസിൽ തുടർന്ന ശ്രീമതി ശശിപ്രഭയുടെ സേവനം വിദ്യാർത്ഥികൾക്കും സമൂഹത്തിനും ഉപഹരിച്ചു അതിനാൽ 31/03/2020 വരെ ടിയാൾക്ക് ശമ്പളം കിട്ടാൻ അർഹതയുണ്ട്. 2019-20 വർഷം സംസകൃത പഠനത്തിന് 29 കുട്ടികളുണ്ടായിരുന്ന അവരുടെ പഠനാവസരം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ ആഫീസറുടെ നടപടി കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയാങ്ങളുടെ ലംഘനമാണ്. മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ വയല എൻ.ഡിഎം യു പി സ്കൂളിൽ 2019-20 വർഷം എൽ.ജി സംസ്കൃതം തസ്തിക അനുവദിച്ച് ശ്രീമതി ശശിപ്രഭയെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

4 ) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി</u>

അടൂർ വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിലുള്ളതും പുനലൂർ കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ അധീനതയിൽ ഉള്ളതുമായ വിദ്യാലയമാണ് വയല എൻ.ഡി.എം. യു.പി. സ്കൂൾ. ടി സ്കൂളിൽ പാർട്ട് ടൈം സംസ്കൃതം തസ്തികയിൽ ഫുൾ ടൈം ആനുകൂല്യത്തോടെ ജോലി ചെയ്തിരുന്ന അധ്യാപികയാണ് ശ്രീമതി. ശശിപ്രഭ എസ്. 2019-20 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം വയല എൻ.ഡി.എം. യു.പി. സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപ്പെടുന്നു. തൻവർഷം ടി സ്കൂളിൽ സംസ്കൃതം പഠിക്കുന്ന V-12, VI- 05, VII-12 എന്ന ക്രമത്തിൽ ആകെ 29 കുട്ടികളാണുള്ളത്. കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6 (സി) പ്രകാരം യു.പി. വിഭാഗത്തിൽ സംസ്കൃതം തസ്തിക അനുവദിക്കുന്നതിന് V മുതൽ VII വരെ ക്ലാസ്സുകളിൽ കുറഞ്ഞത് 30 കുട്ടികളോ അല്ലെങ്കിൽ V-12, VI-06, VII-03 എന്ന ക്രമത്തിൽ 21 കുട്ടികളോ സംസ്കൃതം പഠിക്കുന്നതിനുണ്ടാവണം. മേൽപറഞ്ഞ ക്രമത്തിൽ പരിഗണിക്കുമ്പോൾ VI-ാം ക്ലാസ്സിൽ 06 കുട്ടികളില്ല. ഒരു കുട്ടിയുടെ കുറവുണ്ട്. ഇക്കാരണത്താൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം സംസ്കൃതം തസ്തിക നഷ്ടമാവുകയും ടി തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്ന ശ്രീമതി. ശശിപ്രഭ എസ് ന് തസ്തിക നഷ്ടമാവുകയും ചെയ്തു. 06-06-1994 മുതൽ പാർട്ട് ടൈം തസ്തികയിലും തുടർന്ന് 06-06-1999 മുതൽ ഫുൾടൈം ആനുകൂല്യത്തോടുകൂടി പാർട്ട് ടൈം തസ്തികയിൽ ജോലിനോക്കി വന്നിരുന്ന ടി അധ്യാപികയെ പുനലൂർ കാത്തലിക് ബിഷപ്പ് സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഏതെങ്കിലും റെഗുലർ ഫുൾ ടൈം ജൂനിയർ സംസ്കൃതം തസ്തികയിൽ മാറ്റി നിയമിക്കുന്നതിനോ അല്ലാത്തപക്ഷം ടി തസ്തികയിൽ ടി മാനേജ്മെന്റിൽപ്പെട്ട മറ്റ് സ്കൂളുകളിൽ ഒന്നും ഒഴിവ് ലഭ്യമല്ല എന്നുള്ള മാനേജരുടെ ഡിക്ലറേഷൻ സമർപ്പിക്കുന്നതിനോ ടി മാനേജ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 15-07-2019 മുതൽ തസ്തിക നഷ്ടമായതിനുശേഷവും പ്രസ്തുത സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ടി അധ്യാപികയ്ക്ക് 15-07-2019 മുതൽ 31-10-2019 വരെ ശമ്പളം മാറി നൽകുകയും ചെയ്തു. ടി ജീവനക്കാരിയുടെ 15-07-2019 മുതൽ വിരമിക്കൽ തീയതിയായ 31-03-2020 വരെയുള്ള കാലയളവിലെ ലാവണം ക്രമീകരിച്ച്

ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവാദം വാങ്ങി ശമ്പളം നൽകാൻ ആവശ്യമായ നടപടികൾ കോർപ്പറേറ്റ് മാനേജർ സ്വീകരിക്കേണ്ടിയിരുന്നു. മറ്റ് സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുന്നതിനും 2019-20 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവിൽ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി അദ്ധ്യാപികയുടെ ലാവണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചില്ല. സ.ഉ.(എം.എസ്.) നമ്പർ 209/2016 തീയതി 26-12-2016 പ്രകാരമുള്ള ആനുകൂല്യം കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട സ്കൂളുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി അനുവദിക്കേണ്ടതാണ്. ടി ആനുകൂല്യം അനുവദിക്കണമെങ്കിൽ യഥാസമയം ബന്ധപ്പെട്ട അധ്യാപകരുടെ സീനിയോറിറ്റി ക്രമത്തിൽ ലാവണം ക്രമീകരിച്ച് വകുപ്പ്തലത്തിൽ നിന്നും അംഗീകാരം വാങ്ങേണ്ടതായിരുന്നു. എന്നാൽ ടി നടപടിക്രമങ്ങളൊന്നും മാനേജ്മെന്റ് തലത്തിൽനിന്നും സ്വീകരിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് മാനേജ്മെന്റ് സമർപ്പിച്ച അപ്പീൽ ആർഎ (4)/75143/2020/പൊ.വി.വ./ഡി.ഡി.സ് തീയതി 10-02-2021 പ്രകാരവും, സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി 06-08-2022 ലെ സ.ഉ.(സാധാ) നമ്പർ 4617/2022/ പൊ.വി. പ്രകാരവും നിരസിച്ച് ഉത്തരവായിട്ടുണ്ട്.

ii) തുടർന്ന് ശ്രീമതി. ശശിപ്രഭ എസ് ഫയൽ ചെയ്ത റിട്ട് ഹർജി സിവിൽ നമ്പർ 22903/2022 - മ്മേലുള്ള 22-07-2022 തീയതിയിലെ വിധിന്യായം പാലിച്ച് 07-12-2022 ലെ സ.ഉ.(സാധാ)നമ്പർ.7780/22/പൊ.വി.വ. പ്രകാരം ടി വിഷയത്തിൽ മാനുഷികപരിഗണന നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ചും ഇതൊരു കീഴ്വഴക്കമാകരുതെന്ന വ്യവസ്ഥയിലും ടിയാൾ 15-07-2019 മുതൽ 31-07-2019 വരെ മാതൃസ്കൂളിൽ നിലനിന്നത് മാപ്പാക്കി നൽകി അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കാനും ഉത്തരവായിരുന്നു. കൂടാതെ നിലനിൽക്കുന്നതിന് തസ്തികയില്ലാതിരുന്ന ടിയാന് അനർഹമായി നിലനിർത്തി ശമ്പളം മാറി നൽകിയ നടപടി ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകന്റെയും അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രസ്തുത ആഫീസിലെ ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയുമായതിനാൽ അവർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച്, മാപ്പാക്കി നൽകിയത് ഒഴിച്ചുള്ള ബാക്കികാലം (01-08-2019 മുതൽ 31-10-2019 വരെ) ടിയാൾക്ക് അനർഹമായി ശമ്പളം നൽകിയതുമൂലം സർക്കാരിനു വന്ന സാമ്പത്തിക നഷ്ടം പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും സർക്കാരിലേക്ക് ഈടാക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. എന്നാൽ തസ്തിക നഷ്ടപ്പെട്ട അധ്യാപികയെ മാനേജ്മെന്റിന്റെ തന്നെ സ്കൂളിലേക്ക് മാറ്റി ക്രമീകരിയ്ക്കണമെന്ന് അടൂർ എ.ഇ.ഒ ഓഫിസിൽ നിന്നും ഉത്തരവ് നൽകിയിട്ടും തുടർ നടപടികൾ സ്വീകരിക്കാതെ അടൂർ എ.ഇ.ഒ ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെ ടിയാൾടെ സ്കൂളിൽ നിലനിർത്തി, സ്പാർക്ക് മുഖേന ഡി.ഡി.ഒ. ആയ പ്രഥമാദ്ധ്യാപകൻ നേരിട്ട് ശമ്പള ബിൽ ട്രഷറിയിൽ സമർപ്പിച്ചാണ് ശമ്പളം മാറി നൽകിയത്. ആയതിനാൽ അടൂർ എ.ഇ.ഒ ആഫീസിലെ ജീവനക്കാരെ ശിക്ഷാനടപടികളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ശമ്പളം മാറി നൽകിയ പ്രഥമാദ്ധ്യാപകനിൽ നിന്നും മുഴവൻ തുകയും ഈടാക്കണമെന്നുള്ള കത്ത് ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. പൊതു വിദ്യാഭ്യാസ (എസ്.സി.) വകുപ്പിന്റെ 10-10-2024 ലെ സ.ഉ.(സാധാ) നമ്പർ 7156/2024/പൊ.വി.വ. പ്രകാരം ശ്രീമതി. ശശിപ്രഭ എസ് ന് അനർഹമായി നൽകിയ 01-08-2019 മുതൽ 31-10-2019 വരെയുള്ള ശമ്പളത്തുക മുഴവനും പ്രഥമാദ്ധ്യാപകനിൽനിന്നും ഈടാക്കുവാനും അടൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ജീവനക്കാരെ ബാധ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ലഭ്യമായിട്ടുണ്ട്.

iii) ശ്രീമതി. ശശിപ്രഭ.എസ് സമർപ്പിച്ച റിവ്യൂ ഹർജിയിൽ കെ.ഇ.ആർ. അധ്യായം XXIII ചട്ടം 6

(സി) പ്രകാരം നിലവിൽ അനുവദിച്ച തുടർന്നുവരുന്ന തസ്തികയിൽ യോഗ്യരായ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെങ്കിൽ കുട്ടികളുടെ മിനിമം എണ്ണം സംബന്ധിച്ച നിബന്ധന ബാധകമല്ലായെന്നും ആയതിനാൽ ടിയാളെ സ്കൂളിൽത്തന്നെ നിലനിർത്തണമെന്നുമാണ്. എന്നാൽ കെ.ഇ.ആർ. അധ്യായം XXII ചട്ടം 6 (സി) യിൽ സൂചിപ്പിച്ചിരിക്കുന്നത് നിലവിൽ അനുവദിച്ച തുടർന്നുവരുന്ന തസ്തിക എന്നതാണ്. 06-06-1994-ൽ സേവനത്തിൽ പ്രവേശിച്ച അദ്ധ്യാപികയ്ക്ക് ഇത് ബാധകമല്ല.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. വയല N.D.M.U.P സ്കൂളിൽ 2019-20 വർഷം സംസ്കൃതം പഠിക്കുന്ന കുട്ടികളുടെ എണ്ണം V-12, VI-05, VII-12 എന്ന ക്രമത്തിൽ ആകെ 29 കുട്ടികൾ ആണെന്നും ആറാം ക്ലാസ്സിൽ ഒരു കുട്ടിയുടെ കുറവ് കാരണം ശ്രീമതി. എസ്.ശശിപ്രഭയ്ക്ക് പാർട്ട് ടൈം തസ്തിക നഷ്ടമായിയെന്നും തസ്തിക നഷ്ടപ്പെട്ട ടി അദ്ധ്യാപികയെ മാനേജ്മെന്റിന്റെ തന്നെ മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിക്കുന്നതിനുള്ള നിർദ്ദേശം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ കോർപ്പറേറ്റ് മാനേജർക്ക് നൽകിയിരുന്നുവെന്നും എന്നാൽ മാനേജർ പ്രസ്തുത നിർദ്ദേശ പ്രകാരം ടി അധ്യാപികയെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം (3) റിവ്യൂ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സവിത എം വി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് കാത്തലിക് സ്കൂൾസ്, പുനലൂർ, കൊല്ലം.- 691305
ശ്രീമതി.ശശിപ്രഭ എസ്, ശാന്തി ഭവൻ, ചെളിക്കുഴി പി.ഒ, പട്ടാഴി വടക്കേക്കര -691556
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 08-07-2026 11:21:07
സെക്ഷൻ ഓഫീസർ